**കേരള സർക്കാർ**

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**നം.91/2017/ധന** തിരുവനന്തപുരം, തീയതി: **16.12.2017**

**സർക്കുലർ**

വിഷയം - പാർട്ട് ടൈം കണ്ടിജന്റ്/ദിവസ വേതന/കാഷ്വൽ/കരാർ ജീവനക്കാരുടെ വേതന ബില്ലുകൾ മാറുന്നതിനുള്ള ശീർഷകം - സംബന്ധിച്ച്.

സൂചന - 1. 22.04.2016 ലെ ജി.ഒ.(ആർ.റ്റി.) 3771/16/ധന സർക്കാർ ഉത്തരവ്

2. ട്രഷറി ഡയറക്ടറുടെ 10.11.2017 ലെ നം. ജി3/18392/2017 നമ്പർ കത്ത്

സൂചന 1 ലെ ഉത്തരവു പ്രകാരം, പാർട്ട് ടൈം കണ്ടിജന്റ്/ദിവസ വേതന/കാഷ്വൽ/കരാർ ജീവനക്കാരുടെ വേതന ബില്ലുകൾ 02- വേതനം എന്ന ഡീറ്റയിൽഡ് ശീർഷകത്തിന് കീഴിലുള്ള ഒബ്ജക്ട് ശീർഷകങ്ങളിൽ നിന്നു തന്നെ മാറുന്നത് ഉറപ്പ വരുത്തുവാൻ എല്ലാ നിയന്ത്രണാധികാരികൾക്കും നിർദേശം നൽകിയിരുന്നു. എന്നാൽ സൂചന ഉത്തരവ് പാലിക്കാതെ മിക്ക വകുപ്പുകളും 01- സാലറീസ് എന്ന ഡീറ്റയിൽഡ് ശീർഷകത്തിൽ അത്തരം ജീവനക്കാരുടെ വേതനബില്ല് തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുകയും ആയത് മാറി നൽകുന്നതിന് നിർബന്ധിക്കുക വഴി ജീവനക്കാരെ സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്നുവെന്ന് ട്രഷറികളിൽ റിപ്പോർട്ടു ചെയ്യുന്നതായി സൂചന 2 പ്രകാരം ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സൂചന 1 സർക്കാർ ഉത്തരവ് വീഴ്ച കൂടാതെ പാലിക്കണമെന്ന് എല്ലാ ഡി.ഡി.ഒ. മാർക്കും വകുപ്പ് തലവന്മാർക്കും നിർദ്ദേശം നൽകണമെന്നും 02- വേജസിൽ ആവശ്യമായ അലോട്ട്മെന്റ് നല്കുന്നതിന് ആവശ്യമായ നടപടി സർക്കാർ തലത്തിൽ സ്വീകരിക്കണമെന്നും സൂചന 2 പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 22.04.2016 ലെ ജി.ഒ. (ആർ.റ്റി.) 3771/16/ധന ഉത്തരവ് കർശനമായും പാലിക്കണമെന്ന് എല്ലാ ഡി.ഡി.ഒ. മാർക്കും വകുപ്പ് തലവന്മാർക്കും നിർദ്ദേശം നല്കുന്നതോടൊപ്പം, 02 - വേതനത്തിൽ തുക പര്യാപ്തമാകാതെ വരുന്ന പക്ഷം അധികതുകാനുമതിക്കുള്ള ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എല്ലാ വകുപ്പ് മേധാവികളേയും ഇതിനാൽ അറിയിക്കുന്നു.

**ടി. കാഞ്ചന**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വകുപ്പ തലവൻമാർക്കും

നോഡൽ ഓഫീസർ, www.finance.kerala.gov.in.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ